(ബി) കീഴയൂരിലെ ഭൂമി ഏറ്റെടുക്കാൻ തൽക്കാലം പദ്ധതികളൊന്നും നിലവിലില്ല.

വായ്പ വിതരണം ചെയ്യാൻ നടപടി

108 (3108)ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഹമ്മ പഞ്ചായത്ത് ഹാൻറി ക്രാഫ്റ്റ് ഇൻഡസ്ട്രിയൽ സഹകരണ സംഘത്തിലെ അംഗങ്ങളായ പുൽത്തടുക്ക് നെയ്യുന്ന അൻപത്തിയേഴ് സ്ത്രീ തൊഴിലാളികൾക്ക് കൊച്ചിയിലെ സ്റ്റേറ്റ് ഹാന്റി ക്രാഫ്റ്റ് ഇൻഡസ്ട്രിയൽ അപ്പക്സ് സൊസൈറ്റി വഴി ഭവന നിർമ്മാണത്തിന് വായ്പ അനുവദിച്ചിരുന്നോ;

(ബി) അപ്രകാരം അനുവദിച്ച വായ്പ തുക വിതരണം ചെയ്തിട്ടുണ്ടോ;

(സി) വായ്പാ വിതരണം തടഞ്ഞു വച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) വായ്പ അനുവദിക്കുന്നതിനായി സ്ത്രീകളും പുരുഷന്മാരും ഉൾപ്പെടുന്ന 57 തൊഴിലാളികളെ തെരഞ്ഞെടുത്തിരുന്നെങ്കിലും 54 പേർക്കേ വായ്പ അനുവദിച്ചിരുന്നുള്ളു.

(ബി) ഉണ്ട്.

(സി) വായ്പ വിതരണം നടന്നു കഴിഞ്ഞതാണ്. എന്നാൽ അതു സംബന്ധിച്ച് ലഭിച്ച ഒരു പരാതിയുടെ അടിസ്ഥാനത്തിൽ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ നടത്തിയ അന്വേഷണത്തിൽ ലോൺ ലഭിച്ചതിൽ 29 പേരും യഥാർത്ഥ കരകൗശല തൊഴിലാളികളല്ലെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ, അനർഹരായവർക്ക് നൽകിയ സാമ്പത്തിക സഹായം പലിശ സഹിതം തിരിച്ചു പിടിക്കുന്നതിന് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി

109 (3110)ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. വെങ്ങാന്നൂർ പി. ഭാസ്കരൻ :
ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധിക്കു പരിഹാരം കാണാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly